10

## ദൈവം

# പരിണാമ സിദ്ധാന്തം വിശ്വസിക്കാമോ?

അല്ലയോ തിമൊഥെയൊസേ, നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപ നിധി കാത്തുകൊണ്ടു “ജ്ഞാനം” എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തി വിരുദ്ധമായ വ്യർഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞു നില്ക്ക. ആ ജ്ഞാനം ചിലർ സ്വീകരിച്ചു വിശ്വാസം വിട്ടു തെറ്റിപ്പോയിരിക്കുന്നു ... (1 തിമൊഥെയൊസ് 6:20, 21).

വിശ്വാസത്തെ നശിപ്പിക്കുന്ന സിദ്ധാന്തങ്ങൾ ക്രിസ്ത്യാനികളെ പരീക്ഷിക്കുമെന്നു സർവ്വ ശക്തനായ ദൈവത്തിനു അറിയാമായിരിന്നു. ഈ സിദ്ധാന്തങ്ങൾ ചിലതു കയ്യടി വാങ്ങുമെന്നും, “ശാസ്ത്രീയ” വസ്ത്രം ധരിച്ചു “വെറും വമ്പു പറയുമെന്നും” നമ്മുടെ ജീവിതത്തിനറിയാമായിരുന്നു (2 പത്രൊസ് 2:18). അതുകൊണ്ടു ദൈവം തന്റെ നിത്യ പുസ്തകത്തിൽ മക്കളോടു “ജ്ഞാനം എന്നു വ്യാജമായി പറയുന്നതിനെ” സൂക്ഷിക്കണം എന്നു മുന്നറിയിച്ചിരിക്കുന്നു.

വാസ്തവത്തിലുള്ള ശാസ്ത്രത്തെ ക്രിസ്ത്യാനികൾ എതിർക്കേണ്ടതില്ല. ദൈവമാണ് യഥാർത്ഥ ശാസ്ത്രത്തിന്റെ ഉപജ്ഞാതാവു, കാരണം ശാസ്ത്രം ജ്ഞാനമാണ്. ദൈവത്തിലും ക്രിസ്തുവിലും ആണ് “*ജ്ഞാന*ത്തിന്റെ നിക്ഷേപങ്ങൾ ഗുപ്തമായിരിക്കുന്നത്” (കൊലൊസ്യർ 2:3; എംഫസിസ് മൈൻ). പ്രകൃതിയിൽ ദൈവത്തിന്റെ ജ്ഞാനവും വെളിപ്പാടിലെ (ബൈബിൾ) ദൈവജ്ഞാനവും പരസ്പരം യോജിക്കുന്നതാണ്; ഒരിക്കലും എതിരാകുന്നില്ല. പ്രകൃതിയെക്കുറിച്ചുള്ള മനുഷ്യന്റെ ഊഹങ്ങൾ, ദൈവത്തിന്റെ വെളിപ്പാടുമായി ഏറ്റുമുട്ടിയേക്കാം; എന്നാൽ വിശ്വസ്തക്രിസ്ത്യാനികൾ മനുഷ്യന്റെ ഊഹങ്ങളെ വാസ്തവത്തിലുള്ള ശാസ്ത്രത്തിൽ നിന്നു വേർതിരിക്കാം. മനുഷ്യനു അറിയാവുന്നതും, അറിയാമെന്നു വിചാരിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്; മനുഷ്യന്റെ അഭിപ്രായങ്ങൾ കേട്ടു യേശുവിന്റെ ശിഷ്യന്മാർ ബൈബിളിനെ മാറ്റിവെച്ചില്ല.

പലപ്പോഴായി ക്രിസ്ത്യാനികൾ ശാസ്ത്രത്തോടു ദുരഭിമാനം പുലർത്തി ആത്മാർത്ഥതയില്ലാത്തവർ എന്നാരോപിച്ചിട്ടുണ്ട്. അതു തെറ്റായ ആരോപണം ആണ്, അങ്ങനെ ആണെങ്കിൽ പോലും പരിണാമസിദ്ധാന്തക്കാരെയും ആ വിധത്തിൽ ആരോപിക്കേണ്ടതാണ്. അവയിൽ ഒന്ന്, മുൻവിധി ഉള്ളവർ പ്രപഞ്ചത്തിൽ തൃപ്തികരമായ വസ്തുത പരിണാമത്തെ "തെളിയിക്കുവാൻ" കണ്ടെത്താതിരിക്കുന്നു. ഏൺസ്റ്റ് ഹാക്കെൽ "ഭ്രൂണത്തെ തെറ്റായി ചിത്രീകരിക്കുക മാത്രമല്ല പേരുകൾ മാറ്റി വേറെ പേരുകളുമിട്ടു, അതുകൊണ്ടു പ്രൊഫെസർ ആന്റൺഹിസ് പരസ്യമായി തന്നെ ഹലാക്കൽ പറഞ്ഞതു കളവായിരുന്നു എന്നു പറഞ്ഞു. 'എനിക്കും ഈ ചാർജസ് ഉന്നയിക്കുവാൻ കഴിയും,' [പ്രൊഫെസർ ആർനോൾഡ് പറഞ്ഞതു], 'ശരിയായ ജ്ഞാനത്തിൽ, നേരിട്ടു കിട്ടിയതാണ്, കാരണം ഞാൻ തന്നെയാണ് ഹാക്കെലിനു വരച്ചു കൊടുത്തത്.' "[1] വഞ്ചനയിൽ കുടുങ്ങിയ, അറിയപ്പെട്ട ശാസ്ത്രജ്ഞൻ സമ്മതിച്ചു, "എന്റെ ചെറിയ ഡയഗ്രം പോലും വ്യാജമാണെന്നു പശ്ചാത്താപത്തോടെ ഞാൻ തുറന്നു ഏറ്റു പറഞ്ഞു. ..."[2] ബൈബിൾ വിശ്വാസികൾ അവരുടെ പോയിന്റുകൾ തെളിയിക്കുവാൻ വ്യാജം പരത്തി എന്ന കുറ്റമുള്ളവരല്ല; സത്യത്തിനു അത്തരം ഒരു താങ്ങിന്റയും ആവശ്യമില്ല, ഉണ്ടാവുകയുമില്ല.

പരിണാമ സിദ്ധാന്തം, എങ്ങനെയായാലും, സൂത്രത്തിൽ താങ്ങായി ഉപയോഗിച്ചതുകൊണ്ട് മാത്രം പരിഭ്രാന്തരായില്ല. വികസിപ്പിച്ചെടുത്ത സിദ്ധാന്തത്തിൽ വിശ്വസിച്ചു ആരാധിക്കുവാൻ എന്തു തെളിവുകൾ ആണ് ഉള്ളത്? പരിണാമസിദ്ധാന്തക്കാർ എത്ര ശക്തമായ തെളിവുകൾ നിരത്തിയാലും ക്രിസ്ത്യാനികൾ ആ പൊങ്ങച്ചത്തിൽ ഭയപ്പെടുകയില്ല, കാരണം സത്യം സത്യമാണ്. പരിണാമസിദ്ധാന്തം ശരിയായിരുന്നെങ്കിൽ (ശരിയല്ല), ക്രിസ്ത്യാനികൾ അതിനോടു പോരാടുന്നതിൽ കാര്യമില്ല.

## ശക്തമായ തെളിവുകൾ

(1) *തുല്യതകൾ.* പരിണാമസിദ്ധാന്തക്കാരുടെ പൊതുവായ വാദം "കുരങ്ങും മനുഷ്യനും തമ്മിലുള്ള സാമ്യം നിങ്ങൾ കാണുന്നില്ലേ?" അതു മനുഷ്യൻ കുരങ്ങിൽ നിന്നുണ്ടായി എന്നു തെളിയിക്കുകയാണെങ്കിൽ കാഡിലാക്ക് കാറ് ഫോർഡിൽ നിന്നു വികസിച്ചതാണെന്നു പറയാം, കാരണം രണ്ടും തമ്മിൽ വളരെ സാമ്യമുണ്ട്. മനുഷ്യനും ചില മൃഗങ്ങളും തമ്മിൽ സാദൃശ്യമുണ്ടെന്നതു, വ്യക്തിപരമായി ഒരാൾ പറഞ്ഞേക്കാം, "അതു കാണിക്കുന്നതു ഒരേ ദൈവമാണ് എല്ലാം സൃഷ്ടിച്ചത് എന്നത്രേ."

(2) *പുനർവിചിന്തനം.* മനുഷ്യ ഭ്രൂണം പരിണാമ ചരിത്രത്തിലെ ദശലക്ഷകണക്കിനു വർഷം "പുനർവിചിന്ത" ഫലമായി ആശയരൂപീകരണ കാലയളവിൽ - മത്സ്യം തിമിംഗലമായും പക്ഷിയായും സസ്തനജീവിയായും മാറുന്നു. അതു പൊള്ളയായ ഊഹവും വിഡ്ഢിത്തവുമാണ് കാരണം (a) അവർ സമ്മതിക്കുന്ന, "പുനർവിചിന്ത" നിയമം, സസ്യങ്ങൾക്കു അതേ പൂർവ്വികർ ഉണ്ടെന്നതു, ബാധകമല്ല, (b) ഒരു കുരങ്ങിന്റെ അസ്ഥികൂടം മനുഷ്യന്റേതു പോലെ എന്നതു അതിലും കൂടുതലാണ്, അതു അർത്ഥമാക്കുന്നു ("പുനർവിചിന്തനം" അനുസ

രിച്ച്) കുരങ്ങ് മനുഷ്യനായിത്തീർന്നശേഷം വീണ്ടും കുരങ്ങ് ആയി മാറണം.

(3) *രക്ത പരിശോധനകൾ.* രക്ത പരിശോധനയിലെ ബുദ്ധിരാഹിത്യം കാണിക്കുന്നതു, മുപ്പത്തി - നാലു മനുഷ്യരെ പരിശോധിച്ചു, ഏഴുപേരുടേത് "മാർക്കെഡ്‌ലി" മാനുഷം, മൂന്നുപേരുടേത് "മീഡിയം" ആയും ആയിരുന്നു.[3] കൂടാതെ, പരിശോധന ഫലം കാണിച്ചതു എട്ടു കുരങ്ങന്മാർക്കു പൂർണ്ണമായും മനുഷ്യരക്തമായിരുന്നു. അതുകൊണ്ടു പരിശോധനകൾ വിശ്വസിക്കാമെങ്കിൽ, ചില മനുഷ്യരേക്കാൾ കുരങ്ങന്മാരാണ് മനുഷ്യർ! അതേ രീതിയിലുള്ള രക്ത പരിശോധന തെളിയിച്ചതു പന്നിയുടെ അടുത്ത ബന്ധുവാണ് തിമിംഗലം എന്നാണ്; അതേ സമയം തിമിംഗലത്തിന്റെ അടുത്ത ബന്ധുവാണ് വവ്വാൽ എന്നും അവരുടെ പരിശോധന ഫലമായി കാണിച്ചു!

(4) *ബീജസങ്കലനത്തിന്റെ ഉല്പാദനങ്ങൾ.* ബീജസങ്കലനം നടത്തുന്നവർ കുതിരകളെയും പന്തയകുതിരകളെയും, പശുക്കളെയും ഇറച്ചികാളകളെയും വളർത്തിയിട്ടുണ്ട്, അവർക്കു കുതിരകളെയും കന്നുകാലികളെയും മാത്രമേ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുളളു - മറ്റു ജന്തുക്കളെ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. അവർ എത്ര പ്രാവശ്യം ബീജസങ്കലനം നടത്തിയാലും കുതിരകൾക്കു കുതിരകൾ അല്ലാതെ മറ്റൊന്നു ഉണ്ടാകുകയില്ല. രണ്ടു നൂറ്റാണ്ടോളം അവർ കഠിനമായി പരിശ്രമിച്ചു, അതു പരിണാമത്തിനു എതിരാകുക മാത്രമാണ് ചെയ്തത്. കൃത്രിമബീജസങ്കലനം കൊണ്ടു പുതിയ ജന്തുക്കളെ ഉണ്ടാക്കുവാൻ കഴിയാത്തതുകൊണ്ടു സഹായമില്ലാത്ത, ചിന്തിക്കാത്ത പരിണാമ സിദ്ധാന്തക്കാർ എന്തു ചെയ്യും? രണ്ടു ജന്തുക്കളായ കുതിരയുടേയും കഴുതയുടേയും ബീജസങ്കലനത്താൽ, ഒരു സങ്കര സന്താനമായ, കോവർ കഴുത ജനിക്കുന്നു. എങ്ങനെയായാലും, കോവർ കഴുതയെപ്പോലെ പ്രകൃതിയിലെല്ലാം കീറാമുട്ടിയാണ്; ശാസ്ത്രജ്ഞന്മാരുടെ ഊഹങ്ങൾക്കൊന്നും ഒരു മാറ്റവും പ്രകൃതിയിൽ ഉണ്ടാകുന്നില്ല.

(5) *ശുദ്ധമായ അവയവങ്ങൾ.* ശരീരത്തിലെ മുൻപുണ്ടായിരുന്ന അവയവങ്ങൾ വരണ്ടു - ഞങ്ങിയവയാണ്, അപ്പെൻഡിക്സ്, പിനിയൽ ഗ്രന്ഥി, തൈറോയിഡ് ഗ്രന്ഥി എന്നാണ് പരിണാമസിദ്ധാന്തക്കാരൻ പറയുന്നത്. ആ അവയവങ്ങളുടെ ഉപയോഗം അവർക്ക് അറിയാത്തതിനാലും, അവർക്കു അവരുടെ പരിണാമം തെളിയിക്കാനുള്ള വ്യഗ്രതകൊണ്ടു അവർ കയ്യടി വാങ്ങാവുന്ന ഊഹങ്ങൾ നടത്തി. ഇന്നു യഥാർത്ഥ ശാസ്ത്രം ആ അവയവങ്ങളുടെ ദൈവം - നല്കിയ ഉദ്ദേശം ഓരോന്നായി മനസ്സിലാക്കുവാൻ തുടങ്ങി. തൈറോയിഡ് ഗ്രന്ഥിയിൽ നിന്നൊഴുകുന്ന അയൊഡിൻ, ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. പിനിയൽ ഗ്രന്ഥി അവശേഷിക്കുന്ന മൂന്നാം - കണ്ണ് എന്നതിനുപകരം, അതു ഇപ്പോൾ ശരീരത്തിന്റെ വളർച്ചയെ സഹായിക്കുന്നു എന്ന് ശാസ്ത്രജ്ഞൻമാർ ഇപ്പോൾ മനസ്സിലാക്കി.[4] ജോൺ ഹോവപ്കിൻ യൂണിവേഴ്സിറ്റിയിലെ ഡോ. ഹോവാർഡ് എ. കെലി, പറഞ്ഞു. അതു വിലയുള്ള അവയവം തന്നെയാണ്: "അതു കുടലിൽ നിന്നു അവശിഷ്ടം പുറന്തള്ളുകയും ഊറൽ പുറത്തേക്കൊഴുക്കുകയും ചെയ്യും."[5]

(6) *പ്രാചീന അവശിഷ്ടങ്ങൾ.* മൃഗങ്ങളുടെ അസ്ഥികളുടെ അവ

ശിഷ്ടങ്ങളിൽ നിന്നും, പാറകളിലുള്ള അവയുടെ അടയാളങ്ങളിൽ നിന്നും പലരും പരിണാമത്തെ തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എങ്ങ നെയായാലും, ആ അവശിഷ്ടങ്ങൾ എല്ലാം ഉയർന്നു വികസിച്ചിട്ടുള്ള രൂപങ്ങൾ ആണ് - ബന്ധിപ്പിക്കുന്ന കണ്ണികൾ ഇല്ല, പകുതി - പൂച്ച കളോ പകുതി - തവളകളോ ഇല്ല, പകുതിയുള്ള ഒന്നുമില്ല. പ്രാചീന അവശിഷ്ടങ്ങൾ തെളിയിക്കുന്നതു ഉല്പാദനം എല്ലായ്പ്പോഴും ഇപ്പോൾ ഉള്ളതുപോലെ: ഓരോ സൃഷ്ടിയും അതാതിന്റെ തരത്തിൽ ഉല്പാദിപ്പിക്കുന്നു.

(7) *അഞ്ചു - വിരലുകളുള്ള.* ഒരു കുതിര ആടിന്റെ വലുപ്പത്തി ലുള്ള കുതിരയുടേതിനു തുല്യമായ അസ്ഥി കണ്ടെടുത്തു അതു പരി ണമിച്ചാണ് ഇന്നത്തെ വലിയ കുതിര ഉണ്ടായതെന്ന തീർപ്പിൽ ചില രെത്തി ഒരു ചെറിയ മൃഗത്തിൽ വികസിച്ചതാണ് കുതിര എന്നു അവർക്ക് എങ്ങനെ അറിയാം? ആ ചെറിയ മൃഗം ജീവിച്ച സമയത്തു വലിയ കുതിര ജീവിച്ചിരുന്നില്ല എന്ന് അവർക്ക് എങ്ങനെ അറിയാം?

(8) *നഷ്ടമാകുന്ന കണ്ണികൾ.* പലപ്പോഴായി പരിണാമ സിദ്ധാന്ത ക്കാർ മനുഷ്യനെയും കുരങ്ങിനെയും ബന്ധിപ്പിക്കുന്ന ഓരോ കണ്ണി കൾ ലോകത്തോടു പറയും. പ്രസിദ്ധമായ മനുഷ്യവർഗ്ഗത്തിന്റെ നിയാന്റർതാൽ, മനുഷ്യനും കുരങ്ങിനു - മിടയിലെ പകുതി വഴി, ആയിരം വർഷങ്ങൾക്കു മുൻപു ജെർമ്മനിയിൽ കണ്ട ഒരു തലയോട്ടി യാണ് അതിന്റെ ചരിത്രം. അന്നു കണ്ട തലയോട്ടിയോടു കൂടിയ മനു ഷ്യർ ഇന്നു ജീവിക്കുന്നുണ്ടെന്നു അഭിമാനികളായ പരിണാമ സിദ്ധാ ന്തക്കാർ പറയുന്നില്ല. അറിയപ്പെട്ട ജീവ മനുഷ്യനാണ് അതിനു വിശാല പ്രചാരം കിട്ടുവാൻ *പൈതെകാൻത്രോപസ് ഇറക്റ്റസ്* ("ഇറക്ട് എയി പ് - മാൻ") എന്നു പേരിട്ടു; അവർക്ക് ആകെ കിട്ടിയതു ഒരു തലയോ ട്ടിയും രണ്ടു പല്ലും ഒരു തുടയെല്ലും മാത്രമാണ്. തുടയെല്ലും ഒരു പല്ലും മനുഷ്യന്റേതും എന്നാൽ തലയോട്ടിയും മറ്റേ പല്ലും (ഏതാണ്ടു അമ്പത് അടി അകലെ കണ്ടെടുത്തത്) ഒരു കുരങ്ങിന്റേയും ആയിരുന്നു എന്നു ശാസ്ത്രജ്ഞൻമാർക്കു ഇപ്പോൾ മനസ്സിലായി. അത്തരം എല്ലുകൾ യോജിപ്പിച്ചു മനുഷ്യന്റെ തലയോട്ടി കോഴിയുടെ അസ്ഥികൂടത്തിൽ വെച്ചു ഒരാൾക്കു കോഴികൾ മനുഷ്യന്റെ ഭാഗമാണെന്നു "തെളി യിക്കാം." അതുപോലെയാണ് ചിമ്പാൻസിയുടെ എല്ലുകളും മനുഷ്യന്റെ എല്ലുകളും ഇംഗ്ലണ്ടിൽ കണ്ടെടുത്തത്; ഇത്തരം അസ്ഥികൾ യോജി പ്പിച്ചുള്ള അസ്ഥികൂട ഘടനയെ പരിണാമ സിദ്ധാന്തക്കാർ *എയാൻത്രോ പസ്* എന്നാണ് വിളിക്കുന്നത്.

### മണ്ടത്തരങ്ങൾ

ക്രിസ്തു മരിച്ചവരിൽ നിന്നു ഉയർത്തെഴുന്നേറ്റു എന്നു ഒരു ക്രിസ്ത്യാനി ഉറപ്പിച്ചു പറയുമ്പോൾ മിക്ക പരിണാമസിദ്ധാന്തക്കാരും ചിരിച്ചുകൊണ്ടു പറയും, "മണ്ടത്തം! അതു പ്രകൃതി വിരുദ്ധമാണ്." ചീങ്കണ്ണിയുടെ ചിതമ്പൽ തൂവൽ ആകുമെന്ന അവരുടെ മണ്ടത്തമല്ല. തവളയുടെ തണുത്ത രക്തം കോഴിയുടെ ചൂടുള്ള രക്തമാവും എന്നു വിശ്വസിക്കുവാനും അവർക്കു പ്രയാസമില്ല. അതുപോലെ, എത്ര എളു പ്പത്തിലാണ് ആമയുടെ വലതുകാൽ ചുവന്ന പക്ഷിയുടെ ചിറകായി മാറും എന്ന് അവർ പറയുന്നത്!

അവർ അനുമാനിക്കുന്ന ചില മാറ്റങ്ങൾ അസംഭവ്യമെന്നു വ്യക്തമാണ്. ഉദാഹരണത്തിനു, മത്സ്യം, കരയിൽ സഞ്ചരിക്കുന്ന മൃഗമായിത്തീരും എന്നത്. കടലിൽ, മുട്ട ദ്രവീകരിക്കയില്ല, കട്ടിയായി നല്കുന്നു.കരയിൽ, മുട്ട ഒരു തോടോടുകൂടിയതാണ്. വെളളത്തിൽ നിന്നു ആൽബൂമിനെ വേർതിരിക്കുവാൻ തോടിൽ ആസിഡ് അടങ്ങിയിരിക്കണം, ഭ്രൂണത്തിലെ ശരീരഭാഗത്തു നിന്നു വെളളം പാഴ്വസ്തുക്കളെ കൈകാര്യം ചെയ്യുന്നുമുണ്ട് കൂടാതെ, ഭ്രൂണം തോടു പൊട്ടിക്കേണ്ടതിനു ഒരു ബിൽ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇവയെല്ലാം ഒരു രാത്രി കൊണ്ടു സംഭവിക്കുന്നതാണ്, അല്ലെങ്കിൽ ആ ജന്തുവിനു ജീവിക്കുവാൻ കഴിയുകയില്ല![6] അതു ക്രമേണ വർഷമെടുത്തു വികസിച്ചു എന്നു പറയാമോ?

ഒരു തിമിംഗലത്തിന്റെ കുഞ്ഞ്, ആയിരം വർഷത്തെ പരിണാമത്തിനിടയിൽ അമ്മയുടെ പാൽ കുടിക്കുവാൻ എന്തു ചെയ്യും, മുലക്കണ്ണിനു ചുറ്റും സഞ്ചിയും വളരണം, “മാത്രമല്ല, അതിന്റെ മൂക്കിൽ കൂടെ പാൽ കുടിക്കുമ്പോൾ, ഉപ്പു വെളളം കയറാത്ത രീതിയിൽ വളരുകയും വേണം”?[7] അങ്ങനെ എത്ര കാലം കടന്നു പോയാലാണ് തിമിംഗലത്തിനു തന്റെ കുഞ്ഞിനെ പാലൂട്ടുവാൻ കഴിയുക?

സസ്തന ജന്തുക്കൾ ഇഴജന്തുക്കളിൽ നിന്നു വികസിച്ചുണ്ടായതാണെങ്കിൽ, അമ്മയും കുഞ്ഞും ഒരുമിച്ചു വികസിക്കണം; ഒരേ തലമുറയിൽ തന്നെ സസ്തന ജീവികളായ കുഞ്ഞുങ്ങളെ പോറ്റി വളർത്തുവാൻ കഴിയൂ. അമ്മയ്ക്കു മുലക്കണ്ണും കുഞ്ഞിനു മൃദുവായ പേശികളുള്ള ചുണ്ടുകളും വികസിക്കേണ്ടതായിട്ടുണ്ട്.

മുകളിൽ പറഞ്ഞ ഉദാഹരണങ്ങളിൽ പരിണാമത്തെ ഊഹിക്കുന്ന മണ്ടത്തരത്തിൽ, എന്തെങ്കിലും കുറവുണ്ടെങ്കിൽ ഇതു പരിഗണിക്കുക. പരിണാമം പറയുന്നതു, തികവുള്ള ഏകമനുഷ്യൻ യേശുവായിരുന്നു,നിസ്വാർത്ഥതയുളള മനുഷ്യന്റെ ഏറ്റവും വലിയ അനുഗ്രഹം, പങ്കിടുന്നതു പൂർവ്വിക കുരങ്ങിന്റെ എന്താണ്!

### എതിരായ വസ്തുക്കൾ

മൃഗങ്ങളുടെ വംശങ്ങൾ ആയി ഏതാണ്ട് 900,000 ഉണ്ടെന്നു മനുഷ്യർ കണ്ടുപിടിച്ചിട്ടുണ്ട്. മൂന്നു ദശലക്ഷം പ്രസവവും നടക്കുന്നു. അവ ഓരോന്നും പുറത്തു വരുന്നതു “[അതാതിന്റെ] തരത്തിലാണ്.” എന്തൊരു സാക്ഷികളുടെ സമൂഹം![8] അതു സർവ്വശക്തനായ ദൈവത്തിന്റെ കല്പനപ്രകാരമെന്നു മോശെ പറഞ്ഞിരിക്കുന്നു: “അതതുതരം കന്നുകാലി, ഇഴജാതി, കാട്ടുമൃഗം: ഇങ്ങനെ അതതുതരം ജീവജന്തുക്കൾ ഭൂമിയിൽ നിന്നു ഉളവാകട്ടെ എന്നു ദൈവം കല്പിച്ചു; അങ്ങനെ സംഭവിച്ചു” (ഉല്പത്തി 1:24; എംഫസിസ് മൈൻ). പ്രകൃതിയിലെ പരിണാമസിദ്ധാന്തക്കാർക്കു കളവായി കാണിക്കാം; എന്നാൽ ഓരോ ദിവസവും, ആയിരക്കണക്കിനു വിധത്തിൽ ബീജത്തിൽ നിന്നു തിമിംഗലംഉണ്ടാകുന്നുഎന്നു മോശെ പറഞ്ഞതു സത്യമാണെന്നു പ്രകൃതി പറയുന്നു.

കൂടാതെ പരിണാമത്തിനു ഏറ്റവും വലിയ എതിർ മനുഷ്യൻ തന്നെയാണ്. മനുഷ്യൻ മൃഗങ്ങളിൽ നിന്നും ഒന്നായി തരംതിരിക്കപ്പെടുന്നതു

ശരിയല്ല. ഭൗതികമായി, അവന്റെ താഴ്ന്ന അവസ്ഥ, ഒരു കുരങ്ങിന്റെ സദൃശ്യത്തിലല്ല. മനുഷ്യൻ മൂന്നു ഭാഗങ്ങൾ ഉള്ള വ്യക്തിയാണ് - ശരീരം മനസ്സ്, ആത്മാവു. ശരീരത്തെപോലെ ഒരു കെട്ടിടമോ അല്ലെങ്കിൽ *ക്വീൻ മേരി* കപ്പലോ ഉണ്ടാക്കുകയാണെങ്കിൽ, അപ്പോൾ മനുഷ്യന്റേതുപോലെ ഒരു മനസ്സു കുരങ്ങിനും ഉണ്ടെന്നു സമ്മതിക്കാം.

മൃഗങ്ങൾക്കു ഒരു പുരോഗതിയില്ല; മരങ്ങളിൽ കഴിയുന്നവ അങ്ങനെ തന്നെ, ചരിത്രം നോക്കിയാൽ അവ ഒന്നുതന്നെ ചെയ്യുന്നു. പുരോഗതിയുളളതു ഭൂമിയിൽ മനുഷ്യനു മാത്രമാണ്. മനുഷ്യനു സംസാരശേഷിയുണ്ട്, എന്നാൽ "പ്രൊഫസർ മാക്സ് മുള്ളർ തന്റെ ഭാഷകളെക്കുറിച്ചുള്ള പുസ്തകത്തിൽ നമ്മോടു പറയുന്നതു 'ഒരു മൃഗത്തിനും കടക്കാൻ കഴിയാത്ത ഒരു പുഴയാണ് അത്.'"[9] ഒരു ഗോറില്ലയെയും കൊലപാതകത്തിനു അറസ്റ്റു ചെയ്തിട്ടില്ല - അതിന്റെ ഉത്തരവാദിത്വം അവനിൽ ഇല്ലാത്തതിന്റെ കാരണം മനുഷ്യനിൽ ഉള്ളതു ഗൊറില്ലയിൽ ഇല്ല എന്നു നമുക്ക് അറിയാം: മനസ്സാക്ഷി, ധാർമ്മികത്വം, നന്മതിന്മകളെക്കുറിച്ചുള്ള അറിവു ഇവ മനുഷ്യനിൽ ഉണ്ട്. അവനു രണ്ടു കാലുകൾ ഉള്ളതു പോലെ - തന്നെ അവയും മനുഷ്യനിലുണ്ട്, അവനു അതു കിട്ടിയതു ഗൊറില്ലയിൽ നിന്നോ മറ്റേതൊരു മൃഗത്തിൽ നിന്നോ അല്ല, കാരണം അവയിലൊന്നും ആ ഗുണങ്ങൾ ഇല്ല. *മനുഷ്യനെ മൃഗങ്ങളോടൊത്തു തരം തിരിക്കാവുന്നതല്ല.* ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ മനുഷ്യർ മൃഗങ്ങൾക്കു മീതെ ഉയർന്നിരിക്കുന്നു. ഒരു മൃഗവും ഉയർന്ന അധികാരിക്കു മുൻപിൽ താണു നമസ്കരിക്കയില്ല; എല്ലാ മനുഷ്യരും ചെയ്യും; മൃഗത്തിനു ആരാധന അറിയില്ല; മനുഷ്യർക്കു അറിയാം. ഓരോ മനുഷ്യനും എന്തിനെയെങ്കിലും നമസ്ക്കരിക്കും, പക്ഷെ ഒരു മൃഗവും അതു ചെയ്യുന്നില്ല. അതു നിഷേധിക്കാനാകാത്ത സത്യമാണ്; അതുപോലെ മനുഷ്യനു ആരാധനാ ഗുണം കിട്ടിയ ഒരു കുരങ്ങിൽ നിന്നുമല്ല. അതെ, മനുഷ്യൻ കാർബണും, സോഡിയവും, ഹൈഡ്രജനും മറ്റു മൂലകങ്ങളും അടങ്ങുന്നതാണ് മനുഷ്യർ, എന്നാൽ അതു അവന്റെ താഴ്ന്ന രൂപമായ ജഡമാണ്. മനുഷ്യൻ അതിലുമധികം ഉണ്ട്; ആ "അധികം" എന്നതിനു ഉല്പത്തി 2:7 നേക്കാൾ വലിയ വിശദീകരണം ഇല്ല: *ദൈവം "മനുഷ്യനെ നിർമ്മിച്ചു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി; മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു."* (എംഫസിസ് മൈൻ.)

## അതിന്റെ അനന്തരഫലങ്ങൾ

ജീവിതത്തിൽ ഒരു ഉദ്ദേശ്യവും ഇല്ലാതാക്കുന്നതാണ് പരിണാമം മനുഷ്യനു ആത്മാവു ഇല്ലെങ്കിൽ, പിന്നെ ഉയർത്തെഴുന്നേൽപ്പും സ്വർഗ്ഗവും ഇല്ല. സ്വർഗ്ഗം ഇല്ലെങ്കിൽ, നിങ്ങൾ എത്ര ത്യാഗം അനുഷ്ഠിച്ചാലും, മറ്റുള്ളവരെ എത്ര സഹായിച്ചു സേവിച്ചാലും, ഒരു പന്നിക്കു കിട്ടുന്ന പ്രതിഫലത്തേക്കാൾ കൂടുതലൊന്നുമില്ല. നരകം ഇല്ലെങ്കിൽ, ഒരു മനുഷ്യൻ എത്ര ദുഷ്ടൻ ആയി തീർന്നാലും - മൃഗങ്ങൾ ചെയ്യാത്ത പ്രവൃത്തി ചെയ്താലും - ഒരു ശിക്ഷയും വരാനില്ലല്ലൊ. ദൈവ വാഗ്ദാനം ഇല്ലെങ്കിൽ ജീവിതം ശൂന്യമാക്കും ഒരു ചിറകടിയുടെ മർമ്മരസ്വരം കേൾക്കുവാനോ നക്ഷത്രങ്ങൾ കാണുവാനോ മനുഷ്യർക്കു

കഴിയുന്നില്ലെങ്കിൽ പ്രത്യാശയില്ലാത്തതുകൊണ്ടു അവൻ ഏറ്റവും കുഴപ്പം പിടിച്ചവനാകും.[10]പരിണാമസിദ്ധാന്തം വാസ്തവമാണെങ്കിൽ, പിന്നെ ജീവിതത്തെ അർത്ഥശൂന്യമാക്കും, പരിണാമ - ദേവൻ നമ്മെ ശകാരിക്കയും വേദനിപ്പിക്കുകയുമാണ് ചെയ്യുന്നത്: എന്നേക്കും ജീവിക്കുവാനോ ജീവിതം ആസ്വദിക്കുവാനോ കഴിയാതെ, നമ്മെ ലക്ഷ്യ സ്ഥാനമില്ലാതെ, ഒരു പശുവിനെ പോലെ അറുത്തുകളയുന്നു. അതാണ് പരിണാമത്തിന്റെ പ്രകാശവും ആവേശവും നല്കുന്ന സന്ദേശം.

*പരിണാമം യേശുവിനെ വ്യാജനും നുണയനും ആക്കുന്നു.* ഇങ്ങനെ പറഞ്ഞതു അല്പം കൂടി പോയോ? ഇല്ല, കാരണം പെട്ടെന്നു ആളുകൾ ക്രിസ്ത്യാനിത്വത്തിനും പരിണാമത്തിനും ഇടക്കുള്ള വിടവു കണ്ടെത്തും, അപ്പോൾ പരിണാമങ്ങൾ കെട്ടഴിയും. യേശു ഉല്പത്തി വിശ്വസിച്ചു ഉദ്ധരിച്ചിരിക്കുന്നു (നോക്കുക ഉല്പത്തി 2:25; മത്തായി 19:5; മർക്കൊസ് 10:7). ഉല്പത്തി സത്യമാണ് പറയുന്നതെന്നു പരിണാമക്കാർ വിശ്വസിക്കുന്നില്ല അതുകൊണ്ടു ഉല്പത്തി നിരസിക്കുന്നതു യേശുവിനെ നിരസിക്കുകയാണ്. മോശെയെ നിഷേധിച്ചു കൊണ്ടു ഒരാൾക്കു യേശുവിനെ അനുഗമിക്കുവാൻ സാധ്യമല്ല, കാരണം യേശു പറഞ്ഞു, *"നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു, അവൻ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു. എന്നാൽ അവന്റെ എഴുത്തു നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ എന്റെ വാക്ക് എങ്ങനെ വിശ്വസിക്കും?"* (യോഹന്നാൻ 5:46, 47; എംഫസിസ് മൈൻ).

മനുഷ്യൻ വെറും ഉയർന്ന മൃഗം മാത്രം ആണെങ്കിൽ, പിന്നെ യേശുവിന്റെ മരണം വെറും ലജ്ജിക്കത്തക്കതല്ല - അതു വിഡ്ഢിത്തം തന്നെ, കാരണം മൃഗത്തിനു വീണ്ടെടുപ്പു ആവശ്യമില്ല. അങ്ങനെ വരുമ്പോൾ, യേശു ശ്രദ്ധയോടെ ജീവിച്ചതും അവൻ യെരുശലേമിൽ പോയി മനുഷ്യർക്കു വേണ്ടി, അവരുടെ പാപത്തിനു വേണ്ടി മരിച്ചതും വെറുതെ ആകുന്നു. പരിണാമം പഠിക്കുന്നതു സത്യമാണെങ്കിൽ മനുഷ്യരിൽ പാപമില്ല, ശിക്ഷിക്കുവാൻ നരകവുമില്ല, അതിനാൽ രക്ഷയും ആവശ്യമില്ല. അതുകൊണ്ടു പരിണാമ സിദ്ധാന്തത്തിന്റെ അനന്തരഫലം ശോച - നീയമാണ്, കാരണം യേശു മുഖാന്തരം രക്ഷയോ ആരാധനയോ ഇല്ലാത്തതുകൊണ്ടു നിത്യ ശിക്ഷാവിധിയാണുള്ളത്.

## അതു കടന്നു പോകും

ഈ പൊള്ളയായ, തെറ്റായ "ശാസ്ത്രം" മുഴുവനും ഊഹങ്ങൾക്കു വഴിമാറും ശാസ്ത്രീയ സിദ്ധാന്തങ്ങളും ഊഹാപോഹങ്ങളും വരികയും പോകുകയും ചെയ്യും. ഇന്നുപയോഗിച്ച പാഠപുസ്തകം നോക്കി നാളെ ചിരിക്കും. ദൈവ പുസ്തകത്തിനെതിരായ എല്ലാ ഊഹങ്ങളും പുല്ലിന്റെ പൂ പോലെ വാടി പോകും: "സകല ജഡവും പുല്ലു പോലെയും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂ പോലെയും ആകുന്നു, പുല്ലു വാടി, പൂവുതിർന്നു പോയി, *കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു*" (1 പത്രൊസ് 1:24, 25; എംഫസിസ് മൈൻ).

കുറിപ്പുകൾ

[1]ആൽഫ്രെഡ് ഡബ്ലിയു. മെക്കാൻ, *ഗോഡ് - ഓർ ഗൊറില്ല* (ന്യൂയോർക്ക്: ഡെവിൻ - ആഡെയർ കമ്പനി., 1925), 154–55. [2]ക്വോട്ടഡ് ഇൻ ഡഗ്ളസ് ഡേവാർ, *ഡിഫിക്കൾട്ടീസ് ഓഫ് ദ ഇവല്യൂഷൻ തിയറി* (ലണ്ടൻ: എഡ്വേർഡ് ആർനോൾഡ് & കമ്പിനി., 1931), 39. [3]ഇബിഡ്., 31. [4]*ഒലിഫന്റ്* - *സ്മിത്ത് ഡിബെയിറ്റ്* (നാഷ്വില്ലേ: ഗോസ്പെൽ അഡ്വക്കേറ്റ് കമ്പനി., 1952), 128. [5]ഇബിഡ്, 132. [6]ഡേവാർ, 68–69. [7]ഇബിഡ്., 86. [8]അഡാപ്റ്റഡ് ഫ്രം ഡബ്ലിയു. ഡബ്ളിയു. ഓട്ടെ, *ക്രിയേഷൻ ഓർ ഇവൊല്യൂഷൻ* (ആസ്റ്റിൻ: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് കമ്പനി., 1930), 110. [9]ഈ. എം. റോബെർട്ട്സ്, *ദ മിസ്റ്ററി ഓഫ് ലൈഫ്* (സെന്റ് ലൂയിസ്: പബ്ലിസിറ്റി സെർവീസ് കമ്പിനി., 1933), 511. [10]അഡാപ്റ്റഡ്.

## "സത്യ ദൈവം"

ദൈവത്തിലുള്ള ആശ്രയത്തെ യെശയ്യാവു യെശയ്യാവു 65:16-ൽ വിവരിക്കുന്നതു '*എലോഹിം*' *ആമേൻ*, "സത്യ ദൈവം," എന്നാണ്: "ഭൂമിയിൽ തന്നെത്താൻ അനുഗ്രഹിക്കുന്നവൻ സത്യ ദൈവത്താൽ തന്നെത്താൻ അനുഗ്രഹിക്കും; ഭൂമിയിൽ സത്യം ചെയ്യുന്നവൻ സത്യദൈവത്തെച്ചൊല്ലി സത്യം ചെയ്യും. ..." നമ്മുടെ ദൈവം വിശ്വസ്തതയുടെ, സത്യത്തിന്റെ - ആമേൻ എന്ന ദൈവമാണ്. '*ആമേൻ*' എന്ന വാക്ക് വിശ്വാസ്യതയെ പറയുന്നു. ആ വാക്കിൽ നിന്നാണ് '*സത്യം*' രൂപപ്പെട്ടത്. സത്യം പ്രകൃതി നിയമം പോലെ പിന്താങ്ങുന്നതും വ്യതിചലിക്കാത്തതുമാണ്. ആശ്രയ ദൈവം, സത്യ ദൈവം, '*എലോഹേ*' *ആമേൻ* "ഞാൻ തന്നെ സത്യം" എന്നു പറയുവാൻ ഒരു വ്യക്തിക്കേ കഴിയൂ. പ്രപഞ്ചത്തിൽ തീർച്ചയുള്ളതും ആശ്രയിക്കാവുന്നതും മാറാത്തും മറ്റൊന്നില്ല (മലാഖി 3:6). അവനിൽ മാത്രം വ്യതിചലനമോ മാറുന്ന നിഴലോ ഇല്ല (യാക്കൊബ് 1:17) നാം അവിശ്വസ്തരായാലും ദൈവം വിശ്വസ്തനായിരിക്കും (2 തിമൊഥെയൊസ് 2:13). യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ (എബ്രായർ 13:8).

യഹോവ "ക്ഷീണിക്കുന്നില്ല, തളർന്നു പോകുന്നതുമില്ല" (യശയ്യാവ് 40:28). ഈ ഭൂമിയിൽ ഒരാളുടെ ഏറ്റവും വേണ്ടപ്പെട്ട ഒരാൾ ഉപേക്ഷിച്ചു പോയാലും, വിശ്വസ്തനായ ദൈവം അപ്പോഴും ഉണ്ടാകും. അവന്നു തന്റെ വിലയേറിയതും മഹത്വവുമായ വാഗ്ദാനങ്ങളെ നിറവേറ്റാതിരിക്കയില്ല. "ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വു എന്നത്രേ. അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നേ" (2 കൊരിന്ത്യർ 1:20).

ശീതോഷ്ണവാന്മാരായ ക്രിസ്ത്യാനികൾക്ക് ആശ്വാസമില്ല (വെളിപ്പാട് 3:16), എന്നാൽ എരിവുള്ള ദൈവ മക്കൾക്ക്, ഉത്തേജനവും വിവേകവുമാണ്. യേശു ഉറപ്പിച്ചു ലവദൊക്യസഭയോടു പറയുന്നു: "വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവ സൃഷ്ടിയുടെ ആരംഭമായ ആമേൻ അരുളിച്ചെയ്യുന്നതു ..." (വെളിപ്പാട് 3:14).

© 2009 Truth for Today